## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2599** **06/02/2018-ൽ മറുപടിയ്ക്ക്**

## ആദിവാസി സമൂഹത്തിന്റെ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വി.ടി.ബൽറാം : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസത്തിനായി 2017-18 ലെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിരുന്നു എന്ന് അറിയിക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസത്തിനായി 2017-18-ലെ ബഡ്ജറ്റിൽ ആകെ 232.69 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 114.3 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അതിൽ എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | ആദിവാസി മേഖലയിലെ പെൺകുട്ടികൾക്കായി 2017-18 ലെ ബഡ്ജറ്റിൽ എന്തെങ്കിലും പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിരുന്നോ; | (സി) യും (ഡി) യും | ആദിവാസി മേഖലയിലെ പെൺകുട്ടികൾക്കായി 2017-18-ലെ സാമ്പത്തിക വർഷത്തെ ബജറ്റിൽ 01/04/2017-ന് ശേഷം ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി "ഗോത്ര വാത്സല്യ നിധി" എന്ന പേരിൽ പ്രത്യേക സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. സ.ഉ.(സാധാ)നം.2341/2017/പജപവവിവ തീയതി, 22/09/2017 പ്രകാരം ടി പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതിയും സ.ഉ.(സാധാ)നം.213/2018/പജപവവിവ തീയതി, 02/02/2018 പ്രകാരം ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവായിട്ടുണ്ട്. 01/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 800 പെൺകുട്ടികളെ ആദ്യഘട്ടത്തിൽ ഇൻഷ്വർ ചെയ്യുന്നതായിരിക്കും. |
| (ഡി) | ഇതുവരെ എത്ര പെൺകുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ